# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 305

30/01/2014ലെ
മറുപടിക്ക്

**സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം**

ചോദ്യം :

ശ്രീ.റ്റി.വി.രാജേഷ്
ശ്രീ.വി.ശിവൻകുട്ടി
ശ്രീ.ആർ.രാജേഷ്
ശ്രീ.കെ.വി.അബ്ദുൾ ഖാദർ

ഉത്തരം :

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയമെന്താണ്; വിശദമാക്കാമോ ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(എ) യും (ബി)യും

സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരെയും സ്ഥിരപ്പെടുത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) സെക്രട്ടേറിയറ്റുൾപ്പെടെ വിവിധ സർക്കാർ വകുപ്പുകളിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരെയും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെയും സർവ്വീസിൽ സ്ഥിരപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി പുറപ്പെടുവിച്ച ഉത്തരവുകൾ ഏതൊക്കെയാണ്; സ്ഥിരപ്പെടുത്താൻ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണ്; എത്ര ദിവസത്തിലധികം തുടർച്ചയായ സർവ്വീസുള്ളവരെയാണ് സ്ഥിരപ്പെടുത്തിയിരിക്കുന്നത്; ഇതിനായി പൊതുവായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) സെക്രട്ടേറിയറ്റുൾപ്പെടെ വിവിധ സർക്കാർ വകുപ്പുകളിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരെയും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെയും സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനായി പൊതുവായ ഉത്തരവുകൾ ഒന്നും സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. 15.02.2012-ലെ സ.ഉ.(എം.എസ്)നം.29/2012/പൊഭവ പ്രകാരം സെക്രട്ടേറിയറ്റിൽ കരാർ അടിസ്ഥാനത്തിൽ അലക്കു ജോലി ചെയ്തു വന്നിരുന്ന രണ്ടു പേർക്ക് ഡോബി തസ്തികയിൽ സ്ഥിര നിയമനം നൽകിയിട്ടുണ്ട്. ഇരുവരും ഏകദേശം എട്ടു വർഷമായി സെക്രട്ടേറിയറ്റിൽ അലക്കു ജോലി ചെയ്തു വന്നവരാണ്. കൂടാതെ 10.12.2013-ലെ സ.ഉ.(കയ്യെഴുത്ത്)നം. 360/2013/പൊഭവ പ്രകാരം

10 വർഷമായി സെക്രട്ടേറിയറ്റ് ഹെൽത്ത് സെന്ററിൽ ആംബുലൻസ് ഡ്രൈവറായി സേവനമനുഷ്ഠിച്ചുവന്ന ഒരു വ്യക്തിയെ സെക്രട്ടേറിയറ്റിൽ ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ സ്ഥിരപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജോലിയിലുള്ള കാര്യക്ഷമതയും ദീർഘകാലത്തെ സേവന പരിചയവുമാണ് ഇക്കാര്യങ്ങളിൽ മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്. 16.8.1999 മുതൽ 31.12.2003വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള അംഗപരിമിതർക്ക് പുനർ നിയമനം/റഗുലർ നിയമനം നൽകുന്നതിനായി 18.5.2013ലെ സ.ഉ.(പി)നമ്പർ 40/13/സാ.നീതി.വ. നമ്പർ ഉത്തരവും തുടർ ഉത്തരവുകളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ വിവിധ വകുപ്പുകളിൽനിന്നും ശേഖരിച്ചു വരുന്നു.

(ഡി) 2013 നവംബർ 20ന് ചേർന്ന മന്ത്രിസഭായോഗം താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; എന്ത് മാനദണ്ഡപ്രകാരമാണ് ഇവരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചത്; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലാതെ നിയമിക്കപ്പെട്ടവരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) യും (ഇ)യും

ധന വകുപ്പിൽ പത്തു വർഷത്തിലധികം ദിവസ വേതനാടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തിരുന്ന മൂന്ന് ഡ്രൈവർമാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് എന്നിവയുടെ അഭിപ്രായം കൂടി പരിഗണിച്ച് 20.11.2013ലെ മന്ത്രിസഭായോഗത്തിൽ ഈ വിഷയം പരിഗണിക്കുകയും ടിയാളുകളുടെ മുൻകാല സർവ്വീസ്, ദയനീയ കുടുംബ പശ്ചാത്തലം ഇവ പരിഗണിച്ച് ഇവരെ സ്ഥിരപ്പെടുത്താൻ തീരുമാനിക്കുകയും 21.11.2013ലെ സ.ഉ(കൈ) നമ്പർ 572/2013/ധനം നമ്പരായി ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. പ്രസ്തുത സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് നിയമ വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നില്ല. ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നിയമ വകുപ്പിന്റെ അഭിപ്രായം സാധാരണയായി തേടാറില്ല.

(ഇ) സ്ഥിരപ്പെടുത്താൻ ഉത്തരവിറങ്ങുന്നതിനു മുമ്പ് നിയമവകുപ്പിന്റെ അഭിപ്രായം തേടിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

സെക്ഷൻ ഓഫീസർ